ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 6.30 PM** **DATE: 11.02.2026**

## പ്രധാനവാർത്തകൾ

1) കേന്ദ്രബജറ്റിന്മേലുള്ള ചർച്ചകൾ പാർലമെൻറിൻറെ ഇരു സഭകളിലും ഇന്ന് നടന്നു. അടിസ്ഥാന സൗകര്യ വികസനത്തിനാണ് ബജറ്റിൽ പ്രാധാന്യം നൽകിയിരിക്കുന്നതെന്ന് ചർച്ചയ്ക്ക് മറുപടി നൽകി ധനമന്ത്രി നിർമല സീതാരാമൻ.

2) വികസിതഭാരതമെന്ന പ്രധാനമന്ത്രിയുടെ ലക്ഷ്യത്തെ സാക്ഷാത്കരിക്കാൻ ബജറ്റ് ചവിട്ടുപടിയാകുമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി.

3) കൊല്ലം, ബേപ്പൂർ എന്നീ തുറമുഖങ്ങൾ പിപിപി മാതൃകയിൽ വികസിപ്പിക്കുന്നതിന് അനുമതി നൽകി സംസ്ഥാന മന്ത്രിസഭാ യോഗം. പുതിയ വനിതാ നയത്തിനും, മുതിർന്ന പൗരന്മാർക്കുള്ള പരിഷ്കരിച്ച നയത്തിനും മന്ത്രിസഭയുടെ അംഗീകാരം.

4) സ്ത്രീസുരക്ഷാ പെൻഷൻ പദ്ധതിയ്ക്ക് സംസ്ഥാനത്ത് തുടക്കമായി. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിച്ചു.

5) കുംഭമാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട നാളെ തുറക്കും.

6) ഐസിസി ടി20 ക്രിക്കറ്റ് ലോകകപ്പിൽ, അഫ്ഗാനിസ്ഥാനെ പരാജയപ്പെടുത്തി ദക്ഷിണാഫ്രിക്ക.

***********************

RNUTVPM

## പാർലമെൻറ് (ഇൻട്രോ)

2026-27 ലെ കേന്ദ്രബജറ്റിന്മേലുള്ള ചർച്ചകൾ പാർലമെൻറിൻറെ ഇരു സഭകളിലും ഇന്ന് നടന്നു. ലോക്സഭയിൽ ധനമന്ത്രി നിർമല സീതാരാമൻ ബജറ്റ് ചർച്ചയ്ക്ക് മറുപടി

നൽകുകയാണ്. അടിസ്ഥാന സൗകര്യ വികസനത്തിനാണ് ബജറ്റിൽ പ്രാധാന്യം നൽകിയിരിക്കുന്നതെന്ന് ധനമന്ത്രി

വ്യക്തമാക്കി. MSME മേഖലയ്ക്കും തൊഴിൽ സാധ്യത ഉറപ്പുവരുത്തുന്ന മറ്റ് മേഖലകൾക്കും ബജറ്റിൽ പ്രത്യേക പരിഗണന നൽകിയതായും ശ്രീമതി സീതാരാമൻ പറഞ്ഞു. (ഹോൾഡ്)

ബജറ്റിനെ വിമർശിച്ച ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി നിർമിത ബുദ്ധിക്ക് ബജറ്റിൽ കൂടുതൽ പരിഗണന നൽകിയിരിക്കുന്നത് തൊഴിൽ നഷ്ടത്തിന് ഇടയാക്കിയേക്കും എന്ന ആശങ്ക പങ്കുവച്ചു. ഇന്ത്യ-യുഎസ് വ്യാപാര കരാറുമായി

ബന്ധപ്പെട്ടും കേന്ദ്രത്തിനെതിരെ ശ്രീ രാഹുൽ ഗാന്ധി വിമർശനമുയർത്തി.
(ഹോൾഡ്)

RNU TVPM

***********************

## രാജ്യസഭ

രാജ്യസഭ ബജറ്റ് ചർച്ചകൾക്ക് ശേഷം ഇന്നത്തേക്ക് പിരിഞ്ഞു. ബജറ്റ് കർഷർക്കും, മത്സ്യത്തൊഴിലാളികൾക്കും വേണ്ടി ഒന്നും മുന്നോട്ട് വക്കുന്നില്ലെന്ന് മുസ്ലിംലീഗ് എംപി ഹാരിസ് ബീരാൻ വിമർശനം ഉയർത്തി. യുവജനങ്ങളെയും, വനിതകളെയും, കർഷകരെയും കേന്ദ്രീകരിച്ചുള്ള പ്രഖ്യാപനങ്ങളാണ് ബജറ്റിൽ ഉള്ളതെന്ന് ബിജെപി അംഗം അശോക് ചവാൻ പറഞ്ഞു.

ഇരുപക്ഷത്തു നിന്നുമുള്ള എംപിമാർ ചർച്ചയിൽ പങ്കെടുത്തു.

***********************

## സുരേഷ് ഗോപി (ഇൻട്രോ)

2047 ൽ വികസിതഭാരതമെന്ന പ്രധാനമന്ത്രിയുടെ ലക്ഷ്യത്തെ സാക്ഷാത്കരിക്കാൻ ചവിട്ടുപടിയാകുന്നതാണ് കേന്ദ്ര ബജറ്റെന്ന്

കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. വനിതകളെയും,

യുവജനങ്ങളെയും സംരംഭകരാക്കുന്നതിന് ബജറ്റിൽ പ്രാമുഖ്യം നൽകിയിട്ടെന്നും അദ്ദേഹം കൊല്ലത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

(ഹോൾഡ്)

കേരളത്തിൽ എയിംസ് വരുമെന്നും, എന്നാൽ സാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തി നൽകുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാരിൻറെ ഭാഗത്തുനിന്ന് ഉണ്ടായില്ലെന്നും ശ്രീ സുരേഷ് ഗോപി ആരോപിച്ചു.

**********************

## തുറമുഖം മന്ത്രിസഭ

കൊല്ലം, ബേപ്പൂർ എന്നീ തുറമുഖങ്ങൾ പിപിപി മാതൃകയിൽ വികസിപ്പിക്കുന്നതിന് അനുമതി നൽകി സംസ്ഥാന മന്ത്രിസഭാ യോഗം. ഫീസിബിലിറ്റ് സ്റ്റഡി നടത്തി വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കിയ ശേഷമായിരിക്കും ഓരോ തുറമുഖത്തിനും പറ്റിയ മാതൃക തയ്യാറാക്കുക.

**********************

## ആർ ബിന്ദു

സംസ്ഥാനത്ത് സമഗ്രമായ ലിംഗനീതി ഉറപ്പാക്കാൻ ലക്ഷ്യമിട്ടുള്ള പുതിയ വനിതാ നയത്തിനും മന്ത്രിസഭായോഗം അംഗീകാരം നൽകി . സ്ത്രീകളുടെ സുരക്ഷ, തൊഴിൽ അവകാശങ്ങൾ, എന്നിങ്ങനെ വിവിധ മേഖലകൾക്ക് മുൻഗണന നൽകിക്കൊണ്ടാണ് നയം രൂപീകരിച്ചിരിക്കുന്നത്. മുതിർന്ന പൗരന്മാർക്കായുള്ള പരിഷ്കരിച്ച നയത്തിനും മന്ത്രി സഭ അംഗീകാരം നൽകി. ഒരു മുതിർന്ന വ്യക്തിപോലും അവഗണിക്കപ്പെടാത്ത, വയോജനസൗഹൃദ സമൂഹത്തെ വളർത്തിയെടുക്കുക എന്ന കാഴ്ചപ്പാടോടെയാണ് നയത്തിന് രൂപം നൽകിയിരിക്കുന്നതെന്ന് മന്ത്രി ആർ ബിന്ദു പറഞ്ഞു.

**********************

PNU TVPM

## കേരളാ പേപ്പർ പ്രോഡക്ട്സ്

വെള്ളൂർ കേരളാ പേപ്പർ പ്രോഡക്ട്സിനായി 741 കോടിയുടെ വിപുലീകരണ പദ്ധതിയ്ക്കും സംസ്ഥാന മന്ത്രിസഭ അംഗീകാരം നൽകി. ഉൽപാദനശേഷി വർദ്ധിപ്പിക്കലും ഉൽപ്പന്ന വൈവിധ്യവൽക്കരണവും ലക്ഷ്യമിട്ടാണ് പദ്ധതി നടപ്പാക്കുന്നത്. -നെല്ല് സംഭരണ പദ്ധതി നടപ്പാക്കിയതിലൂടെ 2019 മുതൽ 2022 വരെയുള്ള സംഭരണ വർഷങ്ങളിൽ സപ്ലൈകോയ്ക്ക് ഉണ്ടായ സാമ്പത്തിക ബാധ്യതയായ 253 കോടി രൂപ അനുവദിക്കാനും മന്ത്രിസഭായോഗം തീരുമാനിച്ചു. കൊച്ചി മെട്രോ രണ്ടാം ഘട്ടത്തിനായി 1016 കോടി രൂപ വായ്പയ്ക്കും മന്ത്രിസഭ അനുമതി നൽകി.

***********************

## തീവ്ര വോട്ടർപട്ടിക

സംസ്ഥാനത്ത് തീവ്ര വോട്ടർപട്ടിക പരിഷ്കരണ നടപടികൾ മികച്ച രീതിയിൽ പുരോഗമിക്കുന്നതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. ഖേൽക്കർ. നിശ്ചയിച്ചതിനേക്കാൾ രണ്ട് ദിവസം മുൻപേ നടപടികൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്നും തിരഞ്ഞെടുപ്പിന് മുന്നോടിയായി ഇടുക്കി ജില്ലയിലെ ഇടമലക്കുടി സന്ദർശിച്ച ശേഷം അദ്ദേഹം പറഞ്ഞു. ഈ മാസം 21-ന് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുമെന്നും പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനും മാറ്റങ്ങൾ വരുത്തുന്നതിനും വോട്ടർമാർക്ക് ബി.എൽ.ഒ മാരെയോ ഇ.ആർ.ഒ മാരെയോ സമീപിക്കാമെന്നും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ വ്യക്തമാക്കി. അന്തിമ പട്ടിക വന്ന ശേഷവും തിരഞ്ഞെടുപ്പ് പത്രിക സമർപ്പിക്കാനുള്ള അവസാന തീയതിയുടെ തലേദിവസം വരെ പേര് ചേർക്കാൻ അവസരമുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

***********************

PNUTVPM

## സ്ത്രീസുരക്ഷാ പെൻഷൻ (ഇൻട്രോ)

സ്ത്രീസുരക്ഷാ പെൻഷൻ പദ്ധതിയ്ക്ക് സംസ്ഥാനത്ത് തുടക്കമായി. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിച്ചു. സ്ത്രീ സമൂഹത്തിന്റെ സുരക്ഷിതത്വവും സ്വാശ്രയത്വവും ഉറപ്പുവരുത്തുന്ന പദ്ധതിയാണിതെന്ന് മുഖ്യമന്ത്രി ചടങ്ങിൽ പറഞ്ഞു. ലിംഗനീതിയിൽ അധിഷ്ഠിതമായ നവ കേരള യാത്രയിലെ സുപ്രധാന നാഴികക്കല്ലാണ് പദ്ധതി എന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ്)

ഉദ്ഘാടനം കഴിഞ്ഞ് 2 മണിക്കൂറിനുള്ളിൽ നിലവിലുള്ള 10 ലക്ഷത്തി 18,042 ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ 1,000 രൂപ വീതം കൈമാറി. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന, മറ്റ് സാമൂഹ്യ ക്ഷേമ പദ്ധതികളിൽ അംഗങ്ങളല്ലാത്ത 35 മുതൽ 60 വയസ്സ് വരെയുള്ള സ്ത്രീകൾക്കും ട്രാൻസ് വുമൺ വിഭാഗത്തിനും പ്രതിമാസം 1,000 രൂപ പദ്ധതിയിലൂടെ ലഭിക്കും.

***********************

## കുമ്പിച്ചൽക്കടവ് പാലം

തിരുവനന്തപുരം ജില്ലയിലെ അമ്പൂരി കുമ്പിച്ചൽക്കടവ് പാലത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ അൽപസമയത്തിനകം നിർവഹിക്കും. സംസ്ഥാനത്ത് പൂർത്തിയാക്കിയ 30 റോഡുകളും 6 പാലങ്ങളും മുഖ്യമന്ത്രി ഇതോടൊപ്പം നാടിന് സമർപ്പിക്കും.

***********************

## ഷിംജിതയ്ക്ക് ജാമ്യം

കോഴിക്കോട് ബസിനുള്ളിൽ ലൈംഗികാതിക്രമം കാട്ടിയെന്ന് ആരോപിച്ച് സമൂഹമാധ്യമത്തിൽ വീഡിയോ പങ്കുവച്ചതിന് പിന്നാലെ യുവാവ് ആത്മഹത്യ ചെയ്ത കേസിൽ അറസ്റ്റിലായ ഷിംജിതയ്ക്ക് ജില്ലാ സെഷൻസ് കോടതി ജാമ്യം അനുവദിച്ചു. ആത്മഹത്യ പ്രേരണയ്ക്കാണ് ഷിംജിതാ

RNU TVPM

മുസ്തഫയ്ക്കെതിരെ കോഴിക്കോട് മെഡിക്കൽ കോളേജ് പോലീസ് കേസ് രജിസ്റ്റർ ചെയ്തത്.

***********************

## ശബരിമല-(ഇൻട്രോ)

കുംഭമാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട നാളെ തുറക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ്. ശ്രീധർ.

(വോയ്സ്)

***********************

## മന്ത്രി വി എൻ വാസവൻ

ആഗോള അയ്യപ്പ സംഗമത്തിന് ചിലവാക്കിയ തുകയുടെ കണക്കുകൾ പറയേണ്ടത് ദേവസ്വം ബോർഡാണെന്ന് മന്ത്രി വി എൻ വാസവൻ . നാല് കോടി രൂപയുടെ സ്പോൺസർഷിപ്പ് ഇതിനായി ലഭിച്ചതായി അറിയാം എന്നും മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു. ശബരിമല സ്വർണഅപഹരണക്കേസിൽ പ്രതികൾ ജാമ്യം ലഭിച്ചു എന്നുകരുതി കേസ് ഇല്ലാതാകുന്നില്ലെന്നും അദ്ദേഹം പ്രതികരിച്ചു.

RNU TVPM

***********************

## ഐസിസി-ക്രിക്കറ്റ്

ടി20 ലോകകപ്പിൽ അഫ്ഗാനിസ്ഥാനെ സൂപ്പർ ഓവറിൽ മറികടന്ന് ദക്ഷിണാഫ്രിക്ക. നിശ്ചിത സമയത്തും ആദ്യ സൂപ്പർ ഓവറിലും വിജയിയെ കണ്ടെത്താനാകാത്തതിനെത്തുടർന്ന് രണ്ടാം സൂപ്പർ ഓവറിലേക്ക് നീങ്ങിയ മത്സരത്തിൽ നാല് റൺസിനാണ് ദക്ഷിണാഫ്രിക്ക വിജയിച്ചത്. രണ്ടാം സൂപ്പർ ഓവറിൽ ദക്ഷിണാഫ്രിക്ക ഉയർത്തിയ 24 റൺസ് വിജയലക്ഷ്യം പിന്തുടർന്ന അഫ്ഗാനിസ്ഥാന് 19 റൺസേ നേടാനായുള്ളു. ടി20 ലോകകപ്പ് രണ്ടാം മത്സരത്തിൽ ഓസ്ട്രേലിയ അയർലൻഡിനെ നേരിടുകയാണ്. വൈകുന്നേരം 7 മണിക്കാണ് ഇംഗ്ലണ്ട് വെസ്റ്റ് ഇൻഡീസ് മത്സരം .

***********************

<u>പ്രണയദിനമധുരം സപ്ലൈകോ</u>

പ്രണയദിനമായ ഫെബ്രുവരി 14 ന്  സപ്ലൈകോയിൽ നിന്നും കിലോയ്ക്ക്  14 രൂപ നിരക്കിൽ പഞ്ചസാര വാങ്ങാം. ആയിരം രൂപയ്ക്ക് മുകളിൽ സബ്സിഡി ഇതര ഉത്പന്നങ്ങൾ വാങ്ങുന്നവർക്കാണ് ഈ സൗജന്യം . അഞ്ഞൂറ് രൂപയ്ക്ക് മുകളിൽ സബ്സിഡിയിതര ഉത്പന്നങ്ങൾ വാങ്ങുന്നവർക്ക് അരക്കിലോ പഞ്ചസാര 14 രൂപയ്ക്ക് ലഭിക്കും. ഫെബ്രുവരി 28 വരെയാണ് ആനുകൂല്യം

***********************

***********************

****

RNU TVPM